(d) പ്രസ്തുതകാലത്തു് കാര സ്കൂൾ മാത്രമെ കുത്തിവെപ്പു നടത്തീട്ടുള്ളു, ബാക്കി സ്കൂളുകളിലെല്ലാം അതിനു മുമ്പായിതന്നെ കുത്തിവെപ്പു നടത്തീട്ടുണ്ടു്

(e) മസൂരി രോഗത്തെ തടയുന്നതിനു കുത്തിവെപ്പിനോളം പ്രയോജനകരമായി മറ്റു യാതൊരു ഏർപ്പാടുമില്ല. രോഗികളെ ചികത്സിക്കുന്നതിനായീ രോഗശാലയും ഏർപ്പെടുത്തീട്ടുണ്ടു്. ഹോമിയോപ്പതി മരുന്നു വിതരണം ചെയ്യുന്ന കാര്യം ആവശ്യമുണ്ടെന്നു കാണുന്നില്ല,

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഈ സാനിട്ടറി ഇൻസ്പെക്ടർ കൊട്ടങ്ങല്ലൂർ താലൂക്കിലെ വില്ലേജുകൾക്കു പറമെയുള്ള ഏതെല്ലാം വില്ലേജുകളിൽ കൂടി ജോലി നോക്കുന്നുണ്ടു്?

ദിവാൻ ബഹദൂർ ഡാക്ടർ വി. വട്ടീസ്സു്.—വില്ലേജുകൾ ഏതെല്ലാമെന്നു പറയാൻ തല്ക്കാലം നിവൃത്തിയില്ല. ചില സ്കൂളുകളുടെ പേരു റിപ്പോർട്ടു ഡയറിയിൽ പറയുന്നുണ്ടു്. അവ ചേന്ദമംഗലം, ഇടവിലങ്ങു്, പാലിയം മതലായവയാണു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കൊട്ടങ്ങല്ലൂരേയ്ക്കു ഒരു പ്രത്യേക വാക്സിനേറ്ററെ നിയമിക്കാൻ വിരോധമുണ്ടൊ?

ദിവാൻ ബഹദൂർ ഡാക്ടർ വി. വട്ടീസ്സു്.—വിരോധമില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—എന്നാൽ ഉടനെ അതുപ്രകാരം ചെയ്യാൻ വിരോധമുണ്ടൊ?

ദിവാൻബഹദൂർ ഡാക്ടർ വി. വട്ടീസ്സു്.—ഉടനെ ചെയ്യാം.

Fisheries.

390. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—With reference to the answer to the question No. 174 of this session.

(a) യാതൊരു ഏർപ്പാടും ചെയ്യാതിരിപ്പാൻ കാരണം പറയുമൊ,

(b) ൧൯൦൨, ൧൯൦൩, ൧൯൦൪ ഈ കൊല്ലങ്ങളിൽ മൈനർ ഫിഷറി സ്വകയിൽ ഗവമ്മെണ്ടിനു സിദ്ധിച്ചിട്ടുള്ള ആദായം എത്രയാണെന്നു പറയുമൊ?

(c) കായലോരങ്ങളിൽ താമസിക്കുന്ന സാധുക്കളുടെ രക്ഷക്കായി ഗവമ്മെണ്ടു എന്തെല്ലാം പ്രവൃത്തിച്ചിട്ടുണ്ടു്?

മിസ്റ്റർ ടി. എം കൃഷ്ണമേനോൻ.—(a) നടപ്പിലുള്ള ഏർപ്പാടിനെ ഭേദപ്പെടുത്തുവാൻ ഇപ്പോൾ ഗവമ്മെണ്ടു വിചാരിക്കുന്നില്ല.

(b) ൧൯൦൨-ൽ ൧,൫൭൨ ക,
൧൯൦൩-ൽ ൧,൦൫൩ ക,
൧൯൦൪-ൽ ൧,൧൨൩ ക, വ ണ,

(c) ചോദ്യം വിശദമല്ലാത്തതിനാൽ മറുപടി പറവാൻ സാധിക്കുന്നതല്ല,

Letter from the Cranganur Member.

391. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ,—(a) കൊട്ടങ്ങല്ലൂർ മെമ്പർ ദിവാൻജി അവർകൾക്കു ൧൯൦൩ വൃശ്ചികം ൸-ാംനു-യിൽ അയച്ച കത്തു് കിട്ടുകയുണ്ടായൊ,

(b) ആ കത്തിനു വല്ല മറുപടിയും കൊടുക്കുകയുണ്ടാകയാ, ഇല്ലെങ്കിൽ കാരണമെന്തു്.

(c) ആ കത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ഓരൊ കാര്യത്തെകുറിച്ചും ഗവമ്മെണ്ടിന്റെ തീരുമാനമെന്തെന്നു സദയം പറയുമൊ?

മിസ്റ്റർ വി, കെ, അരവിന്ദാക്ഷമേനോൻ—(a) ഉവ്വു്,

(b) ൧൯൦൩ ഏപ്രിൽ ൨൭-ാംനു- ആ കത്തിനു മറുപടി "ചീഫ്" എഞ്ചിനിയർ മെമ്പർക്കു് അയച്ചിട്ടുണ്ടു്;

(c) ടി മറുപടിയിൽ പറഞ്ഞിട്ടുള്ളതിനെപറ്റി ഗവമ്മെണ്ടു നടപടി നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly